കാസർകോട് കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ ഒരു ഡീസൽ ബങ്ക്

1059 [1567] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ ഒരു ഡീസൽബങ്ക് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) കണ്ണൂർ-കാസർകോട് ജില്ലയിൽ എവിടെയെങ്കിലും കെ. എസ്. ആർ. ടി. സി. യുടെ ഒരു റീജിയണൽ വർക്ക്ഷോപ്പ് സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുകഴിഞ്ഞു.

(ബി) തൽക്കാലം ഉദ്ദേശമില്ല.

കെ. എസ്. ആർ. ടി. സി. യിലെ കളക്ഷൻബാറ

1060 [1568] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. പരീക്ഷണാടിസ്ഥാനത്തിൽ 15-2-1986 മുതൽ ആരംഭിച്ച കളക്ഷൻബാറ സമ്പ്രദായം ഇപ്പോഴും തുടരുന്നുണ്ടോ ;

(ബി) 15-2-1986 മുതൽ 3 മാസത്തേക്ക് ആരംഭിച്ച ഈ പരീക്ഷണ സമ്പ്രദായത്തെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(സി) എങ്കിലിതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കളക്ഷൻബാറ സമ്പ്രദായം നടപ്പിലാക്കിയതിനുശേഷം പ്രതിമാസം ഏതാണ്ട് 36 ലക്ഷംരൂപ അധികവരുമാനം ഉണ്ടായിട്ടുണ്ട്. ഇങ്ങനെ കിട്ടിയ അധികവരുമാനത്തിൽ നിന്നും പ്രതിമാസം ശരാശരി 2 ലക്ഷത്തോളം രൂപ ജീവനക്കാർക്ക് കളക്ഷൻ ബാറയിനത്തിൽ നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പ്രസ്

1061 [1569] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ ടിക്കറ്റ് അച്ചടിക്കുന്നതിന് ഇപ്പോഴത്തെ ചെലവ് കുറയ്ക്കുന്നതു പരിഗണിച്ച് കെ.എസ്.ആർ.ടി.സി. സ്വന്തമായൊരു പ്രസ് ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നുവോ ;

(ബി) എങ്കിൽ പ്രസ് സ്ഥാപിക്കുന്നതിന് ഇതിനകം എന്തു നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യിൽ സ്വന്തമായി ഒരു പ്രസ് ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചിരുന്നു.

(ബി) പ്രസ് സ്ഥാപിക്കുന്നതിന് പ്രാരംഭ നടപടി എന്ന നിലയിൽ എച്ച്.എം.ടി.യുമായും മറ്റ് പ്രസ് നിർമ്മാതാക്കളുമായും ആലോചിച്ച് വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.യിൽ വർക്ക് അസിസ്റ്റന്റായുള്ള നിയമനം

1062 [1570] ശ്രീ. പി. വി. മുഹമ്മദ് :
,, പി. കെ. കെ. ബാവ :
,, നാലകത്തു സൂപ്പി :
,, സി. ടി. അഹമ്മദ് അലി :
,, കെ. എം. ഹംസക്കുഞ്ഞ് :
,, പന്തളം സുധാകരൻ :
,, രാഘവൻ പൊഴക്കടവിൽ :
,, കോട്ടക്കുഴി സുകുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ 1980-ൽ നോൺ ഐ.ടി.ഐ. വർക്ക് അസിസ്റ്റന്റ് ആയി നിയമനം നൽകുന്നതിന് എത്രപേർക്ക് അഡൈ്വസ് മെമ്മോ നൽകാൻ കെ.എസ്.ആർ.ടി.സി. പബ്ലിക് സർവ്വീസ് കമ്മീഷനോട് ശുപാർശ ചെയ്തു ;

(ബി) പി. എസ്. സി. എത്രപേരുടെ സെലക്ടഡ് ലിസ്റ്റ് കെ.എസ്.ആർ.ടി.സി.ക്ക് അയച്ചു ;

(സി) ഇവരിൽ എത്രപേരെ നിയമിച്ചു ;

(ഡി) ഇനി എത്രപേരെ നിയമിക്കാനുണ്ട് ;

(ഇ) ഇവരെ നിയമിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1980-ൽ ശുപാർശ ചെയ്തിട്ടില്ല.

(ബി) 1980-നു മുൻപ് ആവശ്യപ്പെട്ടതനുസരിച്ച് 1124 നോൺ ഐ.ടി.ഐ.ക്കാരുടെ സെലക്ടഡ് ലിസ്റ്റ് പി.എസ്.സി.യിൽ നിന്ന് കെ.എസ്.ആർ.ടി.സി.ക്ക് ലഭിച്ചിട്ടുണ്ട്.

(സി) 762 പേരെ നിയമിച്ചു.

(ഡി) 362 പേരെ നിയമിക്കാനുണ്ട്.

(ഇ) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിയമനം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly